# രക്ഷയുടെ പാതയിൽ



# സഭ ആരാധനാസമൂഹം


സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

൯

# ഉള്ളടക്കം

1. ദൈവാരാധന
2. അടയാളങ്ങളും പ്രതീകങ്ങളും
3. അടയാളങ്ങളും പ്രതീകങ്ങളും വിശുദ്ധകുർബാനയിൽ
4. വിശുദ്ധകുർബാന പരമോന്നത ആരാധന
5. വിശുദ്ധകുർബാന ആമുഖശുശ്രൂഷയും വചനശുശ്രൂഷയും
6. വിശുദ്ധകുർബാന ഒരുക്കശുശ്രൂഷയും അനാഫൊറയും
7. വിശുദ്ധകുർബാന ദൈവൈക്യശുശ്രൂഷയും സമാപനവും
8. ദൈവവചനവും ക്രൈസ്തവജീവിതവും
9. കൂദാശകളും ക്രൈസ്തവജീവിതവും
10. പ്രവേശക കൂദാശകൾ
11. സൗഖ്യദായക കൂദാശകൾ
12. തിരുപ്പട്ടം
13. വിവാഹം
14. ആരാധനാവൽസരവും ക്രൈസ്തവജീവിതവും
15. സമർപ്പിതജീവിതം

# പാഠം- 13




# വിവാഹം

# വിവാഹം

1. വിവാഹം സ്നേഹത്തിന്റെ ഉടമ്പടി
2. വിവാഹം ഒരു കൂദാശ
3. വിവാഹത്തിന്റെ അവിഭാജ്യതയും വിശ്യസ്തതയും
4. സ്നേഹിക്കാനും ജീവൻ നൽകാനും

വിവാഹം

# വിവാഹം സ്നേഹത്തിന്റെ ഉടമ്പടി

❖ദമ്പതിമാരുടെ സമ്പൂർണ്ണമായ ആത്മസമർപ്പണത്തിന്റെ ഉടമ്പടിയാണ് വിവാഹത്തിൽ നടക്കുന്നത്. പരിശുദ്ധമായ അനുരാഗവും വിഭജിക്കപ്പെടാത്ത സ്നേഹവും വഴി വിവാഹബന്ധത്തെ പോഷിപ്പിക്കുകയും പുഷ്ടിപ്പെടുത്തുകയും ചെയ്യണമെന്ന് ദൈവം ആവശ്യപ്പെടുന്നു.

# വിവാഹം ഒരു കൂദാശ

❖ പരസ്പരം അതിരുകളില്ലാതെ സ്നേഹിച്ചുകൊണ്ട് പരിശുദ്ധമായ സൃഷ്ടി കർമ്മത്തിൽ ദൈവത്തോടു സഹകരിക്കാനും വിവാഹബന്ധത്തിന്റെ ഫലമായ സന്താനങ്ങളെ ദൈവത്തിനു പ്രീതികരമായവിധത്തിൽ വളർത്താനും ആവശ്യമായ കൃപാവരം നൽകുന്ന കൂദാശയാണ് വിവാഹം.

# വിവാഹത്തിന്റെ അവിഭാജ്യതയും വിശ്വസ്തതയും

❖ദമ്പതികളുടെ സ്നേഹം അതിന്റെ സ്വഭാവത്താൽതന്നെ അവർ തമ്മിലുള്ള കൂട്ടായ്മയുടെ ഏകതയും അവിഭാജ്യതയും ആവശ്യപ്പെടുന്നു. ദമ്പതികളുടെ പരസ്പര വിശ്വസ്തതയും വിവാഹബന്ധത്തിന്റെ അടിസ്ഥാന ഘടകമാണ്. ഉടമ്പടിയോടുള്ള ദൈവത്തിന്റെ വിശ്വസ്തതയും സഭയോടുള്ള മിശിഹായുടെ വിശ്വസ്തതയുമാണ് വിവാഹബന്ധത്തിലെ വിശ്വസ്തതയുടെ അടിസ്ഥാനം. വിഭജിക്കപ്പെടാതെയും വിശ്വസ്തതയോടെയും മരണം വരെ ഒന്നിച്ചുജീവിക്കാനുള്ള കൃപാവരം ദമ്പതികളെ ശക്തരാക്കുന്നു.

വിവാഹം

# സ്നേഹിക്കാനും ജീവൻ നൽകാനും

❖ വിവാഹമെന്ന കൂദാശയുടെ ലക്ഷ്യങ്ങൾ രണ്ടാണ് – ദാമ്പത്യസ്നേഹവും സന്താനോത്പാദനവും. നിഷ്കളങ്കവും നിരുപാധികവുമായ സ്നേഹം പരസ്പരം നൽകാൻ ദമ്പതികൾ കടപ്പെട്ടിരിക്കുന്നു. ഈശോയ്ക്ക് സഭയോടുള്ള സ്നേഹവും സഭയ്ക്ക് ഈശോയോടുള്ള വിധേയത്വവുമാണ് ഇതിനു മാതൃക. ദമ്പതികളുടെ അലൗകിക സ്നേഹത്തിന് ദൈവം നൽകുന്ന അനർഘസമ്മാനമാണ് മക്കൾ. പരസ്പരസ്നേഹത്തിലും വിശ്വസ്തതയിലും പരിശുദ്ധിയിലും വളരാനും വിവാഹബന്ധത്തിന്റെ ഫലമായ സന്താനങ്ങളെ ദൈവത്തിനു പ്രീതികരമായ വിധം വളർത്താനും വിവാഹമെന്ന കൂദാശ ദമ്പതികളെ കടപ്പെടുത്തുന്നു.

വിവാഹം

വിവാഹം

## എന്റെ തീരുമാനം

എന്റെ ജീവിതാന്തസ്സ് തിരിച്ചറിയാനും അതു സ്വീകരിക്കുവാനുമുള്ള വിവേകവും കൃപയും ലഭിക്കുവാനായി ഞാൻ എന്നും പ്രാർത്ഥിക്കും.



വിവാഹം
ഓർമിക്കാൻ ഒരു തിരുവചനം
“നിങ്ങളിൽ ഓരോ വ്യക്തിയും
തന്നെപ്പോലെ തന്നെ ഭാര്യയെ
സ്നേഹിക്കണം. ഭാര്യയാകട്ടെ
ഭർത്താവിനെ ബഹുമാനിക്കു
കയും വേണം”. (എഫേ. 5:33)